# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.ksad.kerala.gov.in

# കൊറ്റനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024



# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി7/1149/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 03/12/2024
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊറ്റനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ./പി7/1149/2024

തീയ്യതി: 03/12/2024

## പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2024 | 23-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2024 | 23-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺകുമാർ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സാജിത സലീം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രകാശ് പി. സാം | പ്രസിഡന്റ് | 01-04-2023 | 07-01-2024 |
| ശ്രീമതി തങ്കമ്മ ജോർജ്ജ് | പ്രസിഡന്റ് | 08-01-2024 | 28-01-2024 |
| ശ്രീമതി ഉഷാ സുരേന്ദ്രൻ | പ്രസിഡന്റ് | 29-01-2024 | 31-03-2024 |
| ശ്രീ. ഷമീം എ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റംലാ ബീവി എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ. ജേക്കബ് ജോൺ | മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യകേന്ദ്രം) | 01-04-2023 | 25-06-2023 |
| ഡോ. ഷാജി | മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യകേന്ദ്രം) | 26-06-2023 | 31-03-2024 |
| ഡോ. അപർണ്ണ രംഗനാഥ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2023 | 31-08-2023 |
| ഡോ. ആനന്ദ് വി. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-09-2023 | 23-12-2023 |
| ഡോ. ആത്മശ്രീ എസ്. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 24-12-2023 | 31-03-2024 |
| ഡോ. ആതിര വി. പി. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. സജിവ് എസ്. | ഹെഡ്മാസ്റ്റർ | 01-04-2023 | 31-03-2024 |
| ശ്രീമതി അനിലാറ്റി. ശശി | കൃഷി ഓഫീസർ | 01-04-2023 | 15-05-2023 |
| ഡോ. ഷീബ എസ്.എസ്. | കൃഷി ഓഫീസർ | 16-05-2023 | 31-03-2024 |
| ശ്രീമതി താര ഓ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി ജെസ്സി തോമസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 06-11-2023 |
| ശ്രീമതി വിദ്യാ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-11-2023 | 31-03-2024 |
| ശ്രീ. വിപിൻനാഥ് എസ്. എസ്. | അസിസ്റ്റന്റ് എൻജിനീയർ | 01-04-2023 | 24-04-2023 |
| ശ്രീമതി മീര എസ്. പ്രസാദ് | അസിസ്റ്റന്റ് എൻജിനീയർ | 25-04-2023 | 27-05-2023 |
| ശ്രീ. വിപിൻനാഥ് എസ്. എസ്. | അസിസ്റ്റന്റ് എൻജിനീയർ | 28-05-2023 | 10-07-2023 |
| ശ്രീ. ബിനു കെ.ജെ. | അസിസ്റ്റന്റ് എൻജിനീയർ | 11-07-2023 | 31-03-2024 |
| ശ്രീ. ജിജേഷ് വി.സി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2023 | 12-07-2023 |
| ശ്രീ. മാത്യു ഒ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 13-07-2023 | 31-03-2024 |
| ശ്രീ. റോബിൻ മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്ററിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ഡെപ്പോസിറ്റ് റിസീവ്ഡ്- തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-6 |
| 8 | ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | കമ്മിറ്റി തീരുമാനം അംഗീകരിക്കുന്നതിൽ കാലതാമസം | 1-11 |
| 19 | തനത് വിഭവ സമാഹരണം - അവലോകനം | 1-12 |
| 20 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-13 |

| | | |
|---|---|---|
| 21 | വസ്തുനികുതി കുടിശ്ശിക - തുടർനടപടി അനിവാര്യം | 1-14 |
| 22 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-15 |
| 23 | വാടക-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല | 1-16 |
| 24 | ലൈസൻസ് ഫീസ് പിരിവിൽ ഗണ്യമായ കുറവ് | 1-17 |
| 25 | മൈക്രോ പ്ലാൻ പദ്ധതി- ലക്ഷ്യം കൈവരിച്ചുവോ എന്ന് ഉറപ്പാക്കിയില്ല | 1-18 |
| 26 | പാഴ് വസ്തുക്കളുടെ ലേലനടപടികൾ പൂർത്തീകരിച്ച് പഞ്ചായത്തിലേക്ക് മുതൽകൂട്ടിയില്ല | 1-19 |
| 27 | കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ - മോണിട്ടറിംഗ് ഇല്ല | 1-20 |
| 28 | വനിതാശിശുക്ഷേമ പദ്ധതികൾ നടപ്പാക്കിയില്ല | 1-21 |
| 29 | ഹെൽത്ത് ഗ്രാന്റ് -ചെലവ് 20% മാത്രം | 1-22 |
| 30 | KMSCL-ൽ നിന്ന് മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല | 1-23 |
| 31 | ഗ്രാന്റുകളുടെ വിനിയോഗത്തിൽ കുറവ് - ഷോർട്ട്ഫാളിന് സാധ്യത | 1-24 |
| 32 | കരാർ ചമയ്ക്കുന്നതിൽ കാലതാമസം - ഫൈൻ ഈടാക്കിയില്ല | 1-25 |
| 33 | ഉപയോഗിക്കാൻ ആളില്ലാതെ മഠത്തുംചാലിലെ ടേക്ക്-എ-ബ്രേക്ക് ശൗചാലയം | 1-26 |
| 34 | ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 1-27 |
| 35 | മണ്ണിടിച്ചിൽ - ആയുർവേദാശുപത്രിയുടെ സുരക്ഷക്ക് ഭീഷണി | 1-28 |
| 36 | വിവിധ ആവശ്യങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല | 1-29 |
| 37 | 67.32 ലക്ഷം രൂപയുടെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-30 |
| 38 | പുള്ളോലി കോളനി സാംസ്കാരിക നിലയം - പുനരുദ്ധാരണ പ്രവൃത്തികൾ അനിവാര്യം | 1-31 |

| | | |
|---|---|---|
| 39 | നിർമ്മാണത്തിൽ അപാകം; സ്കൂൾ ഡൈനിംഗ് ഹാൾ ചോരുന്നു | 1-32 |
| 40 | അസി.എഞ്ചിനീയർ ആവിഷ്കരിച്ച പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ വീഴ്ച | 1-33 |
| 41 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർ പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2024-ലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രക 03.06.2024-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊറ്റനാട് ഗ്രാമപഞ്ചായത്തി 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്‌മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡ എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീ രാജ് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറി പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മു ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുക തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വി ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അ അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവര വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വി ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊറ്റനാട് ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേ സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധ ചിത്രം നൽകുന്നു.

ഡെ

പത്തനംതിട്ട
03/12/2024

## 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equ രേഖപ്പെടുത്തിയിരിക്കുന്നത് 2347824 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയള

Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -2505 അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പടേ പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 ഡെപ്പോസിറ്റ് റിസീവ്ഡ്- തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല

ഷെഡ്യൂൾ ബി-7: ഡെപ്പോസിറ്റ് റിസീവ്ഡ് - ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തിനാ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ഷെഡ്യൂൾ ബി-11: ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്

## 1-1-4 കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് അക്കൗണ്ട് ചെയ്തില്ല

ഷെഡ്യൂൾ ബി-11(B) : Capital Work-In-Progress – തൻവർഷം 936510 രൂപയുടെ പാർട്ട് ബില്ലുകൾ മ എന്നാൽ ഈ തുക അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-5 വസ്തുനികുതി - സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കു പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി-15:- വസ്തുനികുതി - ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-45), നീക്കിബാക്ക 15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടു

## 1-1-6 നിക്ഷേപ പ്രവൃത്തികൾ - നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: ഭൂജല വകുപ്പ്, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത ഭ ബോധ്യപ്പെട്ടിട്ടില്ല. ബന്ധപ്പെട്ട രജിസ്റ്ററിലെ വിവരങ്ങളും വാർഷിക കണക്കിലെ തുകയും തമ്മിൽ പൊരു

## 1-1-7 ഡിമാന്റ് എൻട്രികൾ സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

ഷെഡ്യൂൾ I-1 : വസ്തുനികുതി ഡിമാന്റ് രേഖപ്പെടുത്തൽ യഥാസമയം നടത്തുന്നില്ല. ലെഡ്ജർ രേ പ്രകാരം 31.03.2024-ലാണ് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുള്ളത്.

## 1-2 ബജറ്റ്

| | |
|---|---|
| ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പാസ്സാക്കിയ തീയതി | 15.03.2023 |
| ബജറ്റ് ജനറൽ കമ്മിറ്റി പാസ്സാക്കിയ തീയതി, തീരുമാന നമ്പർ | 21.03.2023, 2(1) |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി, തീരുമാന നമ്പർ | 09.02.2024, 2(1) |

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 പ്രകാരം അടുത്ത വർഷത്തേക്കുള്ള ബജ ഓരോ വർഷവും ജനുവരി 15-ാം തീയതിയ്ക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരി തയ്യാറാക്കേണ്ടതും, അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. സെക്ഷൻ 214, 1 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽനിന്നും ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും, അത് മാർ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമ

തൻവർഷത്തെ ബജറ്റ് മാർച്ച് 21-നാണ് പാസാക്കിയിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിൽ നിയമം (
സമയക്രമം പാലിച്ചിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | |
|---|---|---|---|
| | ബജറ്റ് പ്രകാരം | (റസീറ്റ് & പേയ്മെന്റ് പ്രകാരം) | (ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം) |
| മുന്നിരിപ്പ് | 8271487 | 7435984 | |
| വരവ് | 161838800 | 27023590 | 73133657 |
| ആകെ | 170110287 | 34459574 | |
| ചെലവ് | 166096800 | 24675766 | 81991960 |
| നീക്കിയിരിപ്പ് | 4013487 | 9783808 | |

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 7435984 | |
| വരവ് | 27023590 | 73133657 |
| ആകെ | 34459574 | |
| ചെലവ് | 24675766 | 81991960 |
| നീക്കിയിരിപ്പ് | 9783808 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11567000 | 11567000 | 9119630 | -- |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3852000 | 3852000 | 2934686 | -- |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 12755350 | 12755350 | 3634134 | -- |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) | 0 | 4205400 | 4205400 | 2666885 | -- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 1265012 | 1436500 | 2701512 | 570955 | 2130557 |
| ധനകാര്യ കമ്മീഷൻ – ബേസിക് ഗ്രാന്റ് | 192421 | 1964131 | 2156552 | 336764 | 1819788 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | |
| ശുചിത്വ മിഷൻ ഗ്രാന്റ് | 281261 | 0 | 281261 | 0 | 281261 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിട്ടേഷൻ ക്യാമ്പയിൻ | 6500 | 10000 | 16500 | 10000 | 6500 |
| സാക്ഷരത | 237745 | 3563 | 241308 | 3563 | 237745 |
| കേരളോത്സവം | 17292 | 0 | 17292 | 0 | 17292 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ഹെൽത്ത് ഗ്രാന്റ്-ആയുഷ് | 500000 | 13809 | 513809 | 283824 | 229985 |
| ഹെൽത്ത് ഗ്രാന്റ്-ആയുഷ് | 300000 | 0 | 300000 | 0 | 300000 |
| ഹെൽത്ത് ഗ്രാന്റ് – ഇൻഫ്രാസ്ട്രക്ച്ചർ ട്ട പി.എച്ച്.സി | 122964 | 697771 | 820735 | 120176 | 700559 |
| ഹെൽത്ത് ഗ്രാന്റ് – ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ | 99437 | 307539 | 406976 | 121949 | 285027 |
| ഐ.സി.ഡി.എസ്. | 686264 | 911603 | 1597867 | 806632 | 791235 |
| എം.ജി.എൻ.ആർ.ജി.എസ് | 3276 | 9523801 | 9527077 | 9523565 | 3512 |
| എസ്.ബി.എം. ഗ്രാമീൺ ഫണ്ട് | 0 | 427591 | 427591 | 427591 | 0 |

നികുതി, നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിൽ കുറവ് സംഭവിച്ചതിനാൽ നടപ്പ് വർഷം വികസനഫണ്ടിൽ കുറവ് ചെയ്തു. ജനറൽ പർപ്പസ് ഗ്രാന്റ് 9 ഗഡുക്കളിലായി ആകെ 6617700 രൂപ ലഭിച്ച

**<u>ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ</u>**

അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് ഭവന പദ്ധതി – വായ്പാ തിരിച്ചടവ് എന്നി ഫണ്ടിനങ്ങളിൽ നിന്ന് സോഴ്സ് ഡിഡക്ഷൻ നടത്തിയ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവിനത്തിൽ ഉൾപ്പെടുത്തേണ്ടിയിരു തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 592 |
| ,, | അങ്കണവാടി അധിക വേതനം | 832 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 593 |

## <u>1-5 പദ്ധതി അവലോകനം</u>

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 17-3-2023-െ തീരുമാന പ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണ സമിതിയുടെ 28-3-20 389/2023/DPC/DPO/PTA നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ച

തൻവർഷം വർക്കിംഗ് ഗ്രൂപ്പ് പുനസംഘടിപ്പിച്ചിട്ടില്ല. വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയയുടെ വ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 9-12-2022 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 15-12-2022 മുതൽ 18-12-2022 വരെ |
| ആസൂത്രണസമിതി യോഗം | 30-11-2022 |
| വികസന സെമിനാർ | 10-1-2023 |

| | |
|---|---|
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 2-5-2023 |
| ഭിന്നശേഷി ഗ്രാമസഭ | 7-1-2023 |

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 212 | 95085108 | 113 | 31651739 | 99 | 52.8 |

(2) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴി തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 4 | 4 | 425000 | 38364 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 11 | 9 | 2908060 | 150360 |
| 3 | കൃഷി ഓഫീസർ | 11 | 9 | 1658964 | 65821 |
| 4 | സെക്രട്ടറി | 48 | 23 | 14366062 | 395786 |
| 5 | വെറ്ററിനറി സർജൻ | 15 | 12 | 3510343 | 133037 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 23 | 14 | 35784197 | 1274622 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13 | 7 | 3857182 | 222425 |
| 8 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 2350000 | 127505 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1448455 | 72253 |
| 10 | ഹെഡ്മാസ്റ്റർ | 4 | 4 | 1332379 | 132537 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 19 | 26914466 | 536059 |
| 12 | ഫിഷറീസ് ഓഫീസർ | 2 | 2 | 530000 | 16400 |
| | **ആകെ** | 212 | 113 | 95085108 | 3165173 |

തൻവർഷം പദ്ധതി നിർവ്വഹണം കാര്യക്ഷമമായിരുന്നില്ലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. നിർവ്വഹണ മെഡിക്കൽ ഓഫീസർ (ആയുർവേദം), ഹെഡ്മാസ്റ്റർ എന്നിവർ മാത്രമാണ് 90% മുകളിൽ ചെലവ് ചെ ഭൂരിഭാഗം നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ചെലവ് ശതമാനം 40%-ൽ താഴെ മാത്രമാണ്. പദ്ധതി ന കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഏറ്റവും കൂടുതൽ പ്രോജക്ടുകൾ ആവിഷ്കരിച്ച അസി.എഞ്ചി നിർവ്വഹണത്തിൽ ഏറ്റവും പിന്നിലായി. ഫണ്ട് ലഭ്യമാകാതിരുന്നതും, പാർലമെന്റ് ഇലക്ഷനുമാ പെരുമാറ്റച്ചട്ടം നിലവിൽവന്നതുമാണ് പ്രോജക്ടുകൾ നടപ്പാക്കാത്തതിന് കാരണമായി വിശദീകരിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രോജക്ടുകൾ നടപ്പാക്കിയതിൽ കുറവുവന്നതിനാൽ സർക്കാർ ഗ്രാന്റുകളുടെ ചെലവ് ശതമ വരികയും തൽഫലമായി അടുത്ത സാമ്പത്തിക വർഷം ഷോർട്ട്ഫോൾ ഉണ്ടാകാനിടവരികയും ചെയ്യും. നിർവ്വഹണം നടത്തിയ പ്രോജക്ടുകളിന്മേൽ കൃത്യമായി മോണിട്ടറിംഗ് നടത്തുന്നില്ല. നിർവ്വഹണവും കാര്യക്ഷമമാക്കുവാൻ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3277 | 912910 | 916187 | 912675 | 3: |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9515071 | 9515071 | 9515071 | |
| ആകെ | 3277 | 10427981 | 10431258 | 10427746 | 3: |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് തൻവർഷം ചെലവഴിച്ച വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 69 | 7212 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 149 | 15830 |
| വിധവാപെൻഷൻ | 479 | 50558 |
| വാർദ്ധക്യകാല പെൻഷൻ | 1680 | 171275 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 75 | 2552 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശേ തീയതിയിൽ 03:34 Pm-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ 4828 രൂപ (നാലായിരത്തി എണ്ണൂറ്റി ഇരുപത്തിയെട്ട് രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെ

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം സംബന്ധിച്ച വിലയിരുത്തലുകൾ ചുവടെ ചേർക്കുന്നു.

- ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു.
- ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കുന്നുണ്ട്.
- റീകൺസിലിയേഷൻ പ്രക്രിയ സമയബന്ധിതമായി നടത്തുന്നുണ്ട്.
- ഐ.എസ്.ഒ സർട്ടിഫിക്കേഷൻ കാലാവധി 29-4-2023 പ്രാബല്യത്തിൽ മൂന്ന് വർഷത്തേയ്ക്ക് പുതുക്കി
- 24-11-2024 പ്രാബല്യത്തിൽ ഐ.എൽ.ജി.എം.എസ്. കണക്കുകൾ പ്രകാരം 608 ഫയലുകൾ ന അവശേഷിക്കുന്നു.
- പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതി രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കു ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- പൗരാവകാശരേഖ പുതുക്കിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.06.2018 – 10.07.2018 | 2013-14 മുതൽ 2017-18 വരെ | 06.09.2018 |
| പെർഫോമൻസ് ഓഡിറ്റ് | 26.08.2021 – 01.09.2021 | 11/2019 മുതൽ 03/2021 വരെ | 15.11.2021 |

## 1-11 കമ്മിറ്റി തീരുമാനം അംഗീകരിക്കുന്നതിൽ കാലതാമസം

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതി യോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ ചട്ടം അനുശാസിക്കു പാലിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടു. 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോ ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം യോഗം അവസാനിച്ച് മൂന്ന് ദിവസത്തിനുള്ളിൽ യോഗ നടപടിക്കുറി തയ്യാറാക്കി സെക്രട്ടറി അദ്ധ്യക്ഷന്റെ അംഗീകാരത്തിനു സമർപ്പിക്കേണ്ടതും, നക്കൽ അദ്ധ്യക്ഷ മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തൽ വരുത്തി സെ നൽകേണ്ടതുമാണ്. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | പ്രസിഡന്റ് അംഗീകരിച്ച തീയതി |
|---|---|---|---|
| 1 | 13-4-2023 | 17-6-2023 | 17-6-2023 |
| 2 | 2-5-2023 | 17-6-2023 | 17-6-2023 |
| 3 | 16-5-2023 | 7-8-2023 | 7-8-2023 |
| 4 | 5-7-2023 | 9-10-2023 | 9-10-2023 |
| 5 | 15-7-2023 | 9-10-2023 | 9-10-2023 |
| 6 | 21-9-2023 | 17-11-2023 | 17-11-2023 |
| 7 | 4-11-2023 | 6-1-2024 | 6-1-2024 |
| 8 | 24-11-2023 | 6-1-2024 | 6-1-2024 |

പ്രാദേശിക ഭരണ സംവിധാനത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനും, പഞ്ചായത്തിന്റെ തീരുമാനങ്ങ എന്നിവ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനു സോഫ്റ്റ്‌വെയർ മുഖേന മിനിട്സ് തയ്യാറാക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. നിയമം സമയപരിധിക്കുള്ളിൽ മിനുട്ട്സ് പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-12 തനത് വിഭവ സമാഹരണം - അവലോകനം

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ്, മാർക്കറ്റ് വരവ്, ബിൽഡിംഗ് പെർമിറ്റ് ഫീ റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. വാർഷിക ധ പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ പ്രധാന വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, പിരിവ് ശ ചുവടെ ചേർക്കും പ്രകാരമാണ്.

| **വരവിനം** | **ഡിമാന്റ്** | **കളക്ഷൻ** | **പിരിവ് ശതമാനം** |
|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 3010509 | 2706184 | 89.89% |
| തൊഴിൽ നികുതി | 906760 | 906760 | 100% |
| ലൈസൻസ് ഫീസ് | 62000 | 62000 | 100% |
| വാടക | 87086 | 74234 | 85.24% |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 860366 | 860366 | 100% |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 313929 | 313929 | 100% |




തനത് വരുമാനത്തിൽ വിവിധ നികുതി/നികുതിയേതര വരവിനങ്ങളുടെ പങ്ക്

വസ്തുനികുതി, വാടക എന്നിവയുടെ പിരിവ് തൊണ്ണൂറ് ശതമാനത്തിലും താഴെയാണ്. ഗ്രാമപഞ്ചായ വരുമാനം 2021-22 സാമ്പത്തിക വർഷം സമയബന്ധിതമായി സമാഹരിക്കാതിരുന്നതിനാൽ 2( ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് തുകയിൽ ആനുപാതികമായ കുറവ് വരുത്തിയിരിക്കുന്നു. 2021-22-ലെ ഡി 90% പിരിച്ചെടുക്കാതിരുന്നതു മൂലം തൻവർഷം സർക്കാർ 1156710 രൂപ പൊതു വിഭാഗം വികസന കുറവു ചെയ്തു. നികുതി/നികുതിയേതര വരുമാന സമാഹരണം ഊർജിതമാക്കി വികസന ഫണ്ട് നഷ്ടപ്പെ ഒഴിവാക്കേണ്ടതാണ്.

കഴിഞ്ഞ മൂന്ന് വർഷം നികുതി/നികുതിയേതര ഇനങ്ങളിൽ പഞ്ചായത്ത് പിരിച്ചെടുത്ത തുകകളുടെ വി ചേർക്കുന്നു.

| **വരവിനം** | **2021-22** | **2022-23** | **2023-24** |
|---|---|---|---|
| വസ്തുനികുതി (തൻവർഷം) | 2229662 | 2631283 | 2706 |
| തൊഴിൽ നികുതി | 826350 | 870360 | 906 |
| ലൈസൻസ് ഫീസ് | 125150 | 78300 | 62( |
| വാടക | 68661 | 96168 | 74: |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 87709 | 94885 | 860: |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 41467 | 53993 | 324: |




2021-22 മുതൽ 2023-24 വരെയുള്ള നികുതി/നികുതിയേതര പിരിവ്

വസ്തു നികുതി, തൊഴിൽ നികുതി, ബിൽഡിംഗ് പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയിൽ അപേക്ഷിച്ച് 2023-24-ൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ലൈസൻസ്, വാടക എന്നീ ഇന ഇടിവുണ്ടായി.

**<u>തനത് വിഭവ സമാഹരണത്തിലെ പൊതുവായ അപാകതകൾ</u>**

- വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല.
- ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.
- ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപ സൂക്ഷിക്കുന്നില്ല.
- തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധ നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ
- പാഴ് വസ്തുകളുടെ ലേല നടപടികൾ പൂർത്തീകരിച്ച് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

- വസ്തു നികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വി ഉപയോഗിക്കാവുന്നതാണ്.
- വസ്തുനികുതി പരിഷ്കരണത്തിനുള്ള നടപടികൾ വേഗത്തിലാക്കേണ്ടതാണ്. വ നിർണ്ണയിക്കപ്പെട്ടതിനുശേഷം അവയുടെ തറ വിസ്തീർണ്ണത്തിലോ ഉപയോഗ ക്രമത്തി ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീക

- ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ പഞ്ചായത്ത മുഴവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ നമ്പർ നൽകി രജി സൂക്ഷിക്കാവുന്നതാണ്.
- സാമ്പത്തിക വർഷാരംഭത്തിൽതന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതു പിരിവിന്റെ പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാ വിലയിരുത്തേണ്ടതാണ്.
- സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി കോർപ്പറേറ്റ് സ്ഥാപനങ്ങൾ വകയിരുത്തു സോഷ്യൽ റസ്പോൺസിബിലിറ്റി ഫണ്ട് (CSR Fund) പഞ്ചായത്ത് മുഖേന ചെലവഴിക്കപ്പെടുന്ന തയ്യാറാക്കുവാൻ പരിശ്രമിക്കേണ്ടതാണ്.
- തനത് ഫണ്ടിൽനിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കണം. അതോടൊപ്പം ബജറ്ററി നിയന്ത്രണം കാര്യക്ഷമമാക്കി മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കണം.

## 1-13 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

വസ്തുനികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും സംഗതിയിൽ നികുതി നിർണ്ണയ അധികാരി സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2011-ലെ കേ രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17-ൽ പ്രതിപാദി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളോടു ചേർന്ന് അനധികൃതമായി കൂടുതൽ മുറികൾ കൂട്ടിച്ചേർ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതു വഴിയും ഉണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി ഒ സംവിധാനം ഏർപ്പെടുത്തണമെന്ന് 22.03.2023-ലെ ജി.ഒ.(എം.എസ്)നം.77/2023/തസ്വഭവ നമ്പർ ഉ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പരിശോധനാ സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി പഞ്ചാ നടപടിയും, വസ്തുനികുതി പരിഷ്കരണത്തിന്റെ നിലവിലെ സ്ഥിതിയും ആരാഞ്ഞ് നൽകിയ (നം.3/15.11.24) മറുപടിയായി, ഫീൽഡ് പരിശോധനയ്ക്ക് തയ്യാറായ വ്യക്തി 229 കെട്ടിടങ്ങളുടെ നടത്തിയതിന് ശേഷം പ്രവൃത്തി അവസാനിപ്പിച്ച് മറ്റൊരു ജോലിയിൽ പ്രവേശിച്ചതിനാൽ ഫീൽഡ് പൂർത്തിയാക്കാൻ സാധിച്ചിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു.

**ഓഡിറ്റ് നിർദ്ദേശം**

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ്തല പരിശോധന നടത്തുന്നതിനുള്ള വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതിയുടെ 06.06.2024 തീയതിയിലെ 3.12 നമ്പർ തീ 100 സ്ക്വയർ മീറ്റർവരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 50 രൂപയായും, 100 സ്ക്വയർ മീറ്റർ മുതൽ 300 വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 60 രൂപയായും 300 സ്ക്വയർ മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെ രൂപയായും ഉയർത്തിയിട്ടുണ്ട്. യോഗ്യരായവരെ തെരഞ്ഞെടുത്ത്, മേൽപ്പറഞ്ഞ വേതന നിരക്കിൽ ഫീൽ പൂർത്തിയാക്കി, നിലവിലുള്ള കെട്ടിടങ്ങളോടുള്ള കൂട്ടിച്ചേർക്കലുകൾ, അനധികൃത നിർമ്മാണങ്ങൾ എ വസ്തു നികുതി ചോർച്ച തടയുന്നതിനും, അതുവഴി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണി

## 1-14 വസ്തുനികുതി കുടിശ്ശിക - തുടർനടപടി അനിവാര്യം

2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | കുടിശ്ശിക (₹) |
|---|---|
| തൻവർഷം | 304325 |
| അരിയർ | 54993 |

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ആരാഞ്ഞ് നൽകി (നം.21/21.11.24) മറുപടിയായി, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരി സെക്രട്ടറി അറിയിച്ചു. തനതു വരുമാനതിന്റെ പിരിവ് 90 ശതമാനത്തിൽ കുറവായാൽ ഗ്രാന്റിനത്തിൽ ഗ്രാ ലഭിക്കുന്ന തുകയിൽ സർക്കാർ കുറവ് വരുത്തും. ആയതിനാൽ വസ്തുനികുതിയുൾപ്പെടെ എല്ലാ തനത് ശതമാനം പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതി കുടിശ്ശിക ഉ അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

പഞ്ചായത്ത് പരിധിയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതും നികുതി അടയ്ക്കാൻ ബാധ്യസ്ഥരുമായ എ തൊഴിൽ നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത 204-ാം വകുപ്പ്, 1996-ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധ ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപ തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈട 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവു സംബന്ധിച്ച പൊതുവായ അപാ ചേർക്കുന്നു.

- പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി നിന്നും തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.
- ചുവടെ ചേർക്കുന്ന മരാമത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടി

| ക്രമ നം. | കരാറുകാരന്റെ പേരും മേൽവിലാസവും |
|---|---|
| 1 | ഹരിഹരൻ എം., മരക്കര ഹൗസ്, അയിരൂർ |
| 2 | റിഞ്ചു പി. ജെയിംസ്, പള്ളത്തറ ഹൗസ്, നെല്ലിക്കമൺ |
| 3 | മോഹൻ കുമാർ ബി., ഇടയാട്ട്, കുറിയന്നൂർ |
| 4 | ജോസഫ് മാത്യു, കുടത്തിനാൽ, ഉന്നക്കാവ് |
| 5 | ഹരിലാൽ പി.ജെ., പ്ലാച്ചേരിമണ്ണിൽ, അയിരൂർ |

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( മറുപടിയായി, പ്രസ്തുത സ്ഥാപനങ്ങൾക്കും കരാറുകാർക്കും കത്ത് നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡി ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 വാടക-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 256 വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3(5,6,7) എന്നിവ പ്രകാരം പഞ്ചായത്തുകൾ വാടക പിര തയ്യാറാക്കി സർക്കാരിൽനിന്നും അംഗീകാരം നേടേണ്ടതാണ്. എന്നാൽ കൊറ്റനാട് പഞ്ചായത്ത് കോംപ്ലക്സ് വാടകയുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ട

വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിയ്ക്ക് (നം.16/20.11.24) മറുപടിയായി, ക തയ്യാറാക്കിയിട്ടുണ്ടെന്നും, വരുംദിവസങ്ങളിൽ ആയത് കമ്മിറ്റിയിൽ വച്ച് അന്തിമമാക്കി സർക്കാരി വാങ്ങുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. **വാടക** ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-17 ലൈസൻസ് ഫീസ് പിരിവിൽ ഗണ്യമായ കുറവ്

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാ സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ ന വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയി മുതൽ 2023-24 വരെയുള്ള വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ നിന്ന് ലൈസൻസ് എന്നിവയുടെ വരവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2023-24 സാമ്പത്തിക വർഷം ഗണ്യമായ കുറവ് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ലൈസൻസ് ഫീസ് പിരിവ് (₹) |
|---|---|
| 2021-22 | 125150 |
| 2022-23 | 78300 |
| 2023-24 | 62000 |

2021-22-ലെ വരവുമായി തട്ടിച്ചു നോക്കുമ്പോൾ ലൈസൻസ് ഫീസ് വരവിൽ 50 ശതമാനത്തിനു ഉണ്ടായിട്ടുള്ളത്. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റത്തിൽ ലഭ്യമായ റിപ്പോർട്ട് പ്രകാരം പഞ്ചായ സ്ഥാപനങ്ങളുടെ എണ്ണം 327 ആണ്. ഇവയിൽ 224 സ്ഥാപനങ്ങൾ മാത്രമാണ് തൻവർഷം ലൈസൻസ 2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ലൈസൻസി കൊണ്ടു വരാത്തതിനാൽ ഗണ്യമായ വരുമാന നഷ്ടമാണ് പഞ്ചായത്തിനുണ്ടായിട്ടുള്ളത്. അപാകതയ്ക്ക ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.11/18.11.24, 24/21.11.24) മറുപടിയായി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന വളരെയധികം സ്ഥാപനങ്ങൾ പ്രവർത്തനം അവ അവശേഷിക്കുന്ന സ്ഥാപനങ്ങളിൽ ഇടപാടുകൾ കുറവായിരുന്നുവെന്നും, മൂലധന നിക്ഷേപത്തിന്റെ അടി നിലവിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതെന്നും മറുപടി ലഭ്യമാക്കി. ലൈസൻസ് പരിധിയിൽ ഉ സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ച

**ഓഡിറ്റ് നിർദ്ദേശം**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTEOS ലൈസൻസ് ഫീ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീക ലൈസൻസിന്റെ പരിധിയിൽനിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജി സൂക്ഷിക്കേണ്ടതാണ്.

## 1-18 മൈക്രോ പ്ലാൻ പദ്ധതി- ലക്ഷ്യം കൈവരിച്ചുവോ എന്ന് ഉറപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ അതിദരിദ്രരായ ഗുണഭോക്താക്കളെ സർവ്വേയിലൂടെ കണ്ടെത്തി അവ ഉറപ്പാക്കുന്നതിന് മൈക്രോപ്ലാൻ പദ്ധതികൾ വെറ്ററിനറി സർജൻ മുഖേന ആവിഷ്കരിച്ച് നടപ്പാക്കിയിട്ടു വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴ |
|---|---|---|---|
| 204/24 | അതിദരിദ്രർക്ക് മൈക്രോപ്ലാൻ പദ്ധതി – ഗർഭിണി കിടാരി വളർത്തൽ | 80000 | |
| 206/24 | അതിദരിദ്രർക്ക് മൈക്രോപ്ലാൻ പദ്ധതി – ആട് വിതരണം | 45000 | |

കിടാരി വിതരണ പദ്ധതി പ്രകാരം 2 ഗുണഭോക്താക്കൾക്ക് ഗർഭിണി കിടാരികളേയും, ആട്ടവിതരണ പ ഗുണഭോക്താക്കൾക്ക് ആട്ടകളേയും വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത് ഗുണഭോക്താക്കൾ ഒഴിവായതിനാൽ 2 കിടാരികളേയും 2 ആടുകളേയും മാത്രമാണ് വിതരണം ചെയ്തത്. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആട്, പശു എന്നിവയെ നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പ ഉപജീവനമാർഗ്ഗം ഒരുക്കുന്നതിനാവശ്യമായ മറ്റ് സൗകര്യം കൂടി നൽകുന്നതിന് ഗ്രാമപഞ്ചായത സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പിന്റെ 25.05.23-ലെ നമ്പർ ഐഎ1/242/2021 പ്രകാരം ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ഇപ്രകാരം ആടുകളേയും പശുക്കളേയും ഉപജീവനമാർഗ്ഗമൊരുക്കുന്നതിന് മറ്റ് സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. പദ്ധതി വിലയിരുത്തുന്നതിന് മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സമൂഹത്തിലെ ഉപജീവനമാർഗ്ഗമൊരുക്കി അവരെ ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കൈവരിച്ചുവോ എന്നത് ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. മൈക്രോപ്ലാൻ പദ്ധതികൾ അവയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 പാഴ് വസ്തുക്കളുടെ ലേലനടപടികൾ പൂർത്തീകരിച്ച് പഞ്ചായത്തിലേക്ക് മുതൽക്കൂ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കാവുന്ന എ പൂർണ്ണതോതിൽ സമാഹരിക്കേണ്ടതുണ്ടെന്നും, ഇതിനായി എല്ലാ നികുതി/നികുതിയേതര വരവുക നിർണ്ണയിക്കുകയും അവ മുഴുവനായി പിരിച്ചെടുക്കുകയും ചെയ്യണമെന്നും പതിനാലാം പഞ്ച മാർഗ്ഗരേഖയിലെ [ജി.ഒ.(എം.എസ്.) നം.84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശം പഞ്ചായത്ത് പാലിച്ചിട്ടില്ല. 16.06.23 കമ്മിറ്റിയിൽ ഗ്രാമപഞ്ചായത്തിലും ഘടകസ്ഥാപനങ്ങളിലുമുള്ള ഉപയോഗ ശൂന്യമായ പാഴ്വസ്തുക്കൾ ലേ സെക്രട്ടറിയേയും ആയതിന് വേണ്ട വാല്യുവേഷൻ എടുത്ത് നൽകുന്നതിന് അസിസ്റ്റന്റ് ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നെങ്കിലും (തീരുമാന നം.7/1) നാളിതുവരെ ലേലനടപടികൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല. അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് (നം.9/16.11.24) മറുപടിയായി, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. പാഴ്വസ്തുക്കളുടെ ലേലനടപടികൾ പൂർത്തീകരിച്ച് പ മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ - മോണിട്ടറിംഗ് ഇല്ല

ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ പ നിർവ്വഹണത്തിനുശേഷം പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിന് മോണിട്ടറിംഗ് ന വ്യക്തമായി. തൻവർഷം കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., | പ്രോജക്ടിന്റെ പേര് | ചെലവഴി തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 175/24 | ഇഞ്ചി, മഞ്ഞൾ, കിഴങ്ങ് വർഗ്ഗ വിള വിസ്തൃതി വ്യാപനം | 169 |
| 2 | 85/24 | ഞങ്ങളും കൃഷിയിലേക്ക് - ശീതകാല പച്ചക്കറിക്കൃഷി | 13 |
| 3 | 83/24 | ഞങ്ങളും കൃഷിയിലേക്ക് – കുറ്റിക്കുരുമുളക് വിതരണം | 24 |
| 4 | 84/24 | ഞങ്ങളും കൃഷിയിലേക്ക് - പച്ചക്കറിക്കൃഷി | 26 |
| 5 | 118/24 | കാർഷിക പമ്പ് സെറ്റ് വിതരണം | 35 |
| 6 | 122/24 | ഞങ്ങളും കൃഷിയിലേക്ക് – വാഴക്കൃഷി വികസനം | 108 |
| 7 | 176/24 | ഞങ്ങളും കൃഷിയിലേക്ക് - ഇഞ്ചി, മഞ്ഞൾ, കിഴങ്ങുവർഗ്ഗ വിള വിസ്തൃതി വ്യാപനം | 209 |

പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ.(കൈ)നം.84/202 19/04/2022) ഖണ്ഡിക 14-ൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ ആവശ്യകത, നടപടിക്ര പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണി പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെട്ടു നിരീക്ഷിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മറ്റി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമ പൂർത്തീകരണ ഘട്ടത്തിലും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി കമ്മറ്റിയുടെ അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകാവുന്നതുമാണ്. എന്ന കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ കാര്യത്തിൽ മേൽ പരാമർശിച്ചത് പ്രകാരമുള്ള മേ ഘട്ടത്തിലും നടത്തിയിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച് പ്രാദേശിക തലത്തിൽ നടത്താതിരിക്കുന്നത് വീഴ്ചയാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 വനിതാശിശുക്ഷേമ പദ്ധതികൾ നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2023-24 വർഷം വനിതകൾക്കും വയോജനങ്ങൾക്കും കുട്ടികൾക്കും ഉൾപ്പെടെ പദ്ധതികൾക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി തുക വകയ തൻവർഷം പദ്ധതികൾ നടപ്പാക്കിയില്ല. ആവിഷ്കരിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | വകയിരുത്തി തുക |
|---|---|---|---|
| 1. | 217/24 | നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ | 700 |
| 2. | 223/24 | വനിതകൾക്ക് ഫിറ്റ്നസ്സ് സെന്റർ സ്ഥാപിക്കൽ | 1520 |
| 3. | 183/24 | ഭിന്നശേഷിക്കാർക്ക് പെട്ടിക്കട | 1634 |
| 4. | 181/24 | അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ വാങ്ങൽ | 613 |
| 5. | 52/24 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ | 1044 |
| 6. | 237/24 | അങ്കണവാടികൾക്ക് കസേര വാങ്ങൽ | 500 |
| | | ആകെ | 6011 |

ആവിഷ്കരിച്ച പദ്ധതികൾ തൻവർഷം നടപ്പാക്കാതിരുന്നതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് (നം.05/16.11.24) മൂന്ന് ഗ്രാമപഞ്ചായത്തുകളുടെ ICDS നിർവ്വഹണ ചുമതലയും, ഫണ്ട് ലഭ്യതക്ക അനുബന്ധ പ്രവർത്തനങ്ങളും കാരണമാണ് പദ്ധതികൾ തൻവർഷം നടപ്പാക്കാൻ കഴിയാതിരുന്നത് എ ഉദ്യോഗസ്ഥ മറുപടി നൽകി. കാരണം എന്ത് തന്നെയായാലും ആവിഷ്കരിക്കുന്ന പദ്ധതികൾ സമ

നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കുന്നത് വീഴ്ചയാണ്. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും, ഫണ്ട് ലാപ്സാകുന്ന അവസ്ഥ ഒഴിവാക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ഹെൽത്ത് ഗ്രാന്റ് -ചെലവ് 20% മാത്രം

ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നാളിതുവരെ ലഭിച്ച തുകയിൽ 985586 രൂപ അവശേഷിക്കുന്നു. വിശദമായ കണക്കുകൾ ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് (പലിശ ഉൾപ്പെടെ) | ആകെ | ചെലവഴിച്ച തുക | അവശേ തുക |
|---|---|---|---|---|---|
| Health Grant Towards Support For Diagnostic Infrastructure To The PHC | 122964 | 697771 | 820735 | 120175 | |
| Health Grant Towards Conversion Of PHC Into Health And Wellness Center | 99437 | 307539 | 406976 | 121949 | |
| ആകെ | 222401 | 1005310 | 1227711 | 242125 | |

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് തൻവർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | പ്രോജക്റ്റ് | അട |
|---|---|---|---|
| 1 | 227/24 | ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ | 3030 |
| 2 | 194/24 | ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ | 979 |
| 3 | 195/24 | സബ്സെന്ററുകളുടെ അടിസ്ഥാനസൗകര്യം ഉയർത്തലും പരിശോധന കിറ്റ് വാങ്ങലും | 120 |
| | | ആകെ | |

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 985586 രൂപ 31.03.24-ൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. തൻ ഗ്രാന്റിന്റെ 20% മാത്രമാണ് ചെലവഴിച്ചത്. ആരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്ത സൗകര്യങ്ങൾക്കുമായി ലഭിച്ച തുക സമയബന്ധിതമായും, ഫലപ്രദമായും ചെലവഴിക്കേണ്ടതാണ്.

## 1-23 KMSCL-ൽ നിന്ന് മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായി ലഭിച്ചില്ല

